# 3 Sem M.A. MALAYALAM

## PRIVATE REGISTRATION  - MULTIPLE CHOICE QUESTIONS

### ML010304 – ദൃശ്യകലാസാഹിത്യം

1. കന്നുകാലികളുടെ രക്ഷയ്ക്കും കാർഷികവിളവിന്റെ വർദ്ധനവിനും വേണ്ടി ഉത്തരകേരളത്തിൽ നടത്തുന്ന നാടോടിക്കല

a)തെയ്യം b)കോതാമൂരി c)തിറപ്പൂതം d)കുമ്മാട്ടി

2.പാലക്കാട് തൃശ്ശൂർ ജില്ലകളിൽ അരങ്ങേറുന്ന നാടോടിനാടകരീതി

a)പൊറാട്ടുനാടകം b)പടയണി c)വില്ലടിച്ചാൻപാട്ട് d)തെയ്യം

3.പ്രകൃതിശക്തികളെ ആരാധിക്കുന്ന അചേതനാത്മാരാധനയാണ് ..........സംസ്കാരം സൃഷ്ടിച്ചത്

a)ക്ഷേത്രങ്ങളുടെ b)കലകളുടെ c)കാവുകളുടെ d)ഇവയൊന്നുമല്ല

4. നാട്ടുചൊല്ല് പൂരിപ്പിക്കുക 'വരാതിരിക്കാൻ മുടിയേറ്റും വന്നാൽ പോകാൻ.......'

a)കോതാമൂരിയും b)കഥകളിയും c)തുള്ളലും d)തീയാട്ടും

5............. അർത്ഥത്തിലാണ് മുടിയേറ്റ് എന്ന പദമുണ്ടായത്

a)മുടിയെടുക്കുക b)തലകൊയ്യുക c)കിരീടധാരണംd)നെല്ലു കൊയ്യുക

6. മുടിയേറ്റിലെ വിനോദകഥാപാത്രമാണ് ..

a)കാളി b)നാരദൻ c)കൂളി d)നന്ദികേശൻ

7. മരണദേവനായ കാലന്റെ സ്വരൂപമാണ് .. ..

a)യക്ഷിക്കോലം b)മാടൻകോലം c)കാലൻകോലം d)മറുതാക്കോലം

8. കാലൻകോലം തുള്ളലിന് ആധാരമായി സ്വീകരിച്ചിരിക്കുന്നത്

a)മാർക്കണ്ഡേയചരിതം b)ഭാഗവതം c)ശിവപുരാണം d)കുമാരസംഭവം

9. 'പാരാതോർക്ക ! വയസ്സു പതിനാറാകുന്ന കാലം വരെ

നേരോടിങ്ങനെ വാഴ്വതിന്നു ശിവനാലായുസ്സു കല്പിച്ചിതേ'-ആരുടെ വാക്കുകൾ ?

a)മാർക്കണ്ഡേയന്റെ b)ബ്രാഹ്മണന്റെ c)ബ്രാഹ്മണപത്നിയുടെ d)കാലന്റെ

10. കാലൻകോലത്തിന്റെ ഏറ്റവും മുകളിലായി കാണുന്ന മുഖം

a)നാഗമുഖം b)പച്ചമുഖം c)പോത്തിൻമുഖം d)കിമ്പിരിമുഖം

11. ജനിച്ചാലും ജനിച്ചെന്നാൽ

വളർത്താനും വളർന്നാകിൽ

മരിക്കാതെ ഇരിക്കാമോ തനിച്ചെന്നും ? -ആരുടെ വാക്കുകൾ ?

a)ബ്രാഹ്മണന്റെ b)മാർക്കണ്ഡേയന്റെ c)കാലന്റെ d)ചിത്രഗുപ്തന്റെ

12. എല്ലാ ഉർവരതാനുഷ്ഠാനങ്ങളിലും ഉച്ചാടനകർമ്മങ്ങളിലും അനുഷ്ഠാന നർത്തകന്റെയോ നർത്തകിയുടെയോ സാന്നിദ്ധ്യം അനിവാര്യമായിരുന്നു എന്നു അഭിപ്രായപ്പെട്ടത് ?

a)ഡി ഡി കൊസാംബി b)ഭക്തവത്സലറെഡ്ഡി c)ശ്രീധരമേനോൻ d)റെയ്മണ്ട് വില്ല്യംസ്

13. കാലൻകോലത്തിന്റെ രംഗാവതരണങ്ങൾ രൂപപ്പെടുത്തിയത് _______ന്റെ രംഗാവതരണസങ്കേതങ്ങളെ അനുകരിച്ചു കൊണ്ടാണ്

a)കുത്തിയോട്ടം b)കഥകളി c)കുറത്തിയാട്ടം d)തുള്ളൽ

14. വേലകളിക്കാരുടെ വേഷത്തെ അനുസ്മരിപ്പിക്കുന്ന മുടിയേറ്റ് കഥാപാത്രം

a)കോയിമ്പടനായർ b)നാരദൻ സി)ശിവൻ d)ദാരികൻ

15. അനുഷ്ഠാനകലയുടെ ജീവഭാഷയാണ് ________

a)മേളം b)ചിത്രം c)ആഹാര്യം d)തൌര്യത്രികം

16. മുടിയേറ്റ് അവതരിപ്പിക്കുന്നത്

a)പ്രത്യേകം തയാറാക്കിയ വേദിയിൽ b)ഉയർത്തിക്കെട്ടിയ അരങ്ങിൽ c)തുറന്ന ആട്ടക്കളത്തിൽ d)ഇവയൊന്നുമല്ല

17. മുടിയേറ്റു നാടകപ്രക്രിയ വികസിക്കുന്നത് _____ഘട്ടങ്ങളായാണ്

a)ഇരുപത്തിയഞ്ച് b)ഇരുപത്തിമൂന്ന് c)ഇരുപത്തിയൊന്ന് d)ഇരുപത്തിയേഴ്

18. മുടിയേറ്റിലെ ശൈലീകൃതമായ യുദ്ധം അറിയപ്പെടുന്നതെങ്ങനെ?

a)കുടിയാട്ടം b)പേശൽ c)പന്തമുഴിയൽ d)മുടിയുഴിച്ചിൽ

19. പരിശുദ്ധകളായ സ്ത്രീരത്നങ്ങൾ മരണാനന്തരം ദേവതകളായി മാറുമെന്ന വിശ്വാസത്തിന്

ഉദാഹരണമാണ്

a)കടാങ്കോട്ടു മാക്കം b)ബപ്പിരിയൻ തെയ്യം c)പൂമാരുതൻ തെയ്യം d)കരിയാത്തൻ തെയ്യം

20. കുട്ടികളുടെ ദാഹം തീർക്കാൻ മാക്കം കയറിയത്

a)ചാല പഴയവീട് b)ചാലപുതിയവീട് c)അയ്യങ്കരപ്പള്ളി d)കൊട്ടിലകം

21. മാക്കം പോതി കെട്ടിയാടുന്നത് _____ആയാണ്

a)പ്രതികാരദേവത b)പ്രാർത്ഥനതെയ്യം c)പുലിദൈവം d)നാഗത്തെയ്യം

22. കടാങ്കോട്ടു മാക്കത്തെ കേരളത്തിന്റെ കണ്ണകി എന്നു വിശേഷിപ്പിച്ചത്

a)രാജൻ ഗുരുക്കൾ b)സുനിൽ പി ഇളയിടം c)സി ആർ കേരളവർമ്മ d)ചേലനാട്ട്

അച്യുതമേനോൻ

23.കോട്ടയം കഥകളിൽ ഉൾപ്പെടാത്ത കൃതിയേത്

a)നിവാതകവചകാലകേയവധം b)കല്യാണസൌഗന്ധികം സി)രാജസൂയം d)ബകവധം

24. കല്ലടിക്കോടൻശൈലി ചിട്ടപ്പെടുത്തിയത്

a)കാർത്തിക തിരുനാൾ b)കോട്ടയത്തു തമ്പുരാൻ c)അശ്വതി തിരുനാൾ d)വള്ളത്തോൾ

25. കോട്ടയം കഥകളിലെ നായകന്മാർ

a)കത്തിവേഷം b)പച്ചവേഷം സി)ചുവന്ന താടിവേഷം d)വെള്ളത്താടി

26. കുറ്റിച്ചാമരം എന്നാലെന്ത് ?

a)കിരീടം b)താടി c)ചെണ്ട d)മദ്ദളം

27. 'സത്യരതനാകിയ ഭവാൻ സഹജരോടും

നിത്യമുഴലുന്നു വിപിനേ'-ആരുടെ വാക്കുകൾ ?

a)അർജ്ജുനനന്റെ b)നകുലന്റെ c)ഭീമസേനന്റെ d)യുധിഷ്ഠിരന്റെ

28. കാക്കാരിശിനാടകം ഒരു ................................ ആണ്

a)അനുഷ്ഠാനകല b) ക്ലാസിക്കൽകല c)സാമൂഹിക-വിനോദകല

d) ക്ഷേത്രകല

29. പ്രാചീനമനുഷ്യന്റെ രക്തസേവയെ അനുസ്മരിപ്പിക്കുന്ന കലയ്ക്ക് ഉദാഹരണം

a) തിരുവാതിര b) കുമ്മാട്ടി c) കഥകളി d) തെയ്യം

30. കാക്കാരിശിനാടകത്തിന്റെ ജനയിതാവ് എന്നു കരുതുന്നത് ആരെയാണ്

a)പണയിൽ രാഘവക്കുറുപ്പ് b)ജി.ഭാർഗവൻപിള്ള c) വാസുദേവൻപിള്ള d)കൊല്ലക കേശവപിള്ള

31. മാർഗ്ഗംകളിപ്പാട്ട് എത്ര പാദങ്ങളിലായാണ് നിബന്ധിച്ചിരിക്കുന്നത് ?

a) എട്ട് b)പന്ത്രണ്ട് c) പതിമൂന്ന് d)പതിന്നാല്

32. മാർഗ്ഗം എന്ന വാക്ക് സൂചിപ്പിക്കുന്നത് ?

a) ബുദ്ധമാർഗ്ഗം b) ക്രിസ്തുമാർഗ്ഗം c)അദ്വൈതവേദാന്തം d)ജൈനവിശ്വാസം

33. 'ശസ്ത്രാർത്ഥമെന്തിനധുനാ ശക്രജനെ

യാത്രയാക്കിയതു പഴതേ '- ഏതു അസ്ത്രം നേടുന്നതിനു വേണ്ടിയാണ് അർജ്ജുനൻ യാത്രയായത് ?

a)വാരുണാസ്ത്രം b)വായവ്യാസ്ത്രം c)ബ്രഹ്മാസ്ത്രം d)പാശുപതം

34. ഇരുട്ടിൽ വെളിച്ചമെന്നതു പോലെ പാണ്ഡവർക്കു മുമ്പിൽ ആവിർഭവിച്ചതാര്?

a) വസിഷ്ഠൻ b)രോമശൻ c)വിശ്വാമിത്രൻ d)വ്യാസൻ

35. വാസവൻ തന്റെ സമീപത്തിങ്കൽ തന്നെ

വാസം ചെയ്തിടുന്നു ബാധയകന്നവൻ -ആര് ?

a) അർജ്ജുനൻ b)ധർമ്മപുത്രർ c)ഭീമൻ d)കൃഷ്ണൻ

36. '..... കുംഭസംഭവൻ താനും

അന്തികേ വാഴുന്നിവിടെ ഈ വനാന്തന്നിൽ',-കുംഭസംഭവൻ ആര്?

a) അഗസ്ത്യൻ b)ദ്രോണർ c)വ്യാസൻ d)രോമശൻ

37. 'പരനെന്നും അഹമെന്നും ഭാവഭേദമുള്ളവർ

പരിതാപിച്ചീടുന്നതും പാർക്കിലതുചിതം'-ആരോടു പറഞ്ഞ വാക്കുകൾ ?

a)ശ്രീകൃഷ്ണനോട് b)യുധിഷ്ഠിരനോട് c)രോമശനോട് d)അർജ്ജുനനോട്

38. പൂരിപ്പിക്കുക

മന്ദത കൈവെടിഞ്ഞു മന്നിലുള്ള തീർത്ഥങ്ങളെ

ചെന്നു സേവിച്ചീടുമ്പോൾ_________ലഭിച്ചീടും

a)ജയമാകെ b)ജയമാശു സി)ജയമേകം d)ജയമെല്ലാം

39. ബ്രാഹ്മണവേഷത്തിലെത്തി പാണ്ഡവരെ തട്ടിക്കൊണ്ടു പോയതാര് ?

a)ജടാസുരൻ b)ഹിഡിംബൻ c)ബകൻ d)ശകടാസുരൻ

40. അല്പവീര്യനെപ്പോലെ വിപ്രവേഷം ധരിച്ച ചതിക്കാനായി വന്നതാര് ?

a)ഹിഡിംബൻ b)രാവണൻ c)ജടാസുരൻ d)ബകൻ

41. ആതപം കൊണ്ടുടലിൽ ആധി വളർന്നീടുന്നതാർക്ക് ?

a)ഭീമന് b)കുന്തിയ്ക്ക് c)യുധിഷ്ഠിരന് d)പാഞ്ചാലിയ്ക്ക്

42. വാഞ്ചിതദിക്കുകകളിൽ ബാധയകന്നു നമ്മെ

സഞ്ചരിപ്പിക്കുമവൻ സാദരമറിഞ്ഞാലും –ആരാണ് സഞ്ചരിപ്പിക്കുന്നത്?

a)ഘടോൽക്കചൻ b)മാതലി c)ഭീമൻ d)കാമദേവൻ

43. ഇഷ്ടം പോലെ സഞ്ചരിക്കാൻ കഴിവുള്ളവൻ എന്ന അർത്ഥം വരുന്ന പദമേത്?

a)കാംക്ഷിതൻ b)കാമഗതൻ c)കാമഗൻ d)ഇതൊന്നുമല്ല

44. 'കല്ലിൽ നടന്നുള്ളിലല്ലൽ പെരുകുന്നു'-ആർക്ക് ?

a)പാഞ്ചാലിക്ക് b)ഗാന്ധാരിക്ക് c)കുന്തിക്ക് d)ഹിഡിംബിക്ക്

45. 'ശത്രുഭയം പുനരകലെ വെടിഞ്ഞു വി-

ചിത്രം വാണരുളീടും കാലം'-ആരാണ് വാണരുളിയത്?

a)രാവണൻ b)ദേവേന്ദ്രൻ c)ബാലി d)മേഘനാദൻ

46. 'ഗോത്രവൈരിയെക്കൊണ്ടിഹ വന്നുട-

നത്ര വച്ചു തൊഴുവൻ തവ മുന്നിൽ'-ആരാണ് ഗോത്രവൈരി?

a)സുഗ്രീവൻ b)ബാലി c)ദേവേന്ദ്രൻ d)രാവണൻ

47. രാക്ഷസരെന്നാകിലോ രുക്ഷത വേണമേറ്റം

ദക്ഷനാം ഭവാങ്കൽ സുഭിക്ഷം രുക്ഷതാഭാവം –ആരോടുപറഞ്ഞ വാക്കുകൾ ?

a)രാവണനോട് b)ഇന്ദ്രനോട് c)ബാലിയോട് d)മേഘനാദനോട്

48. സുത്രാമാവ് എന്നാറിയപ്പെടുന്നതാര്?

a)രാവണൻ b)നാരദൻ c)ദേവേന്ദ്രൻ d)ബാലി

49. പമ്പിരിപാടിക്കുക എന്ന വാക്കു കൊണ്ടർത്ഥമാക്കുന്നതെന്ത്?

a) കഷ്ടപ്പെടുത്തുക b)ഉയർത്തുക c)അഭിനന്ദിക്കുക d)പരാജയപ്പെടുത്തുക

50. ചക്രായുധനെക്കൊണ്ടിഹ നമ്മുടെ

വിക്രമിയാകിന ____വിരവിൽ

ചക്രം കൊണ്ടു വധിപ്പിച്ചില്ലേ –വിട്ടുപോയ ഭാഗം പൂരിപ്പിക്കുക?

a)ബാലിയെ b)മാലിയെ c)രാവണിയെ d)ഇന്ദ്രനെ

51. മൃത്യുഞ്ജയന്റെ പത്തനമായ അത്യുന്നതഗിരി കുത്തിയിളക്കിയതാര്?

a)രാവണൻ b)ഇന്ദ്രജിത്ത് c)കുബേരൻ d)മഹാവിഷ്ണു

52. ________മകനാണ് രാവണൻ

a)ഉമയുടെ b)മണ്ഡോദരിയുടെ c)കൈകസിയുടെ d)കുബേരന്റെ

53. മേഘനാദന്റെ സഹോദരന്റെ പേര് ?

a)അക്ഷകുമാരൻ b)ജയന്തൻ c)ഇന്ദ്രജിത്ത് d)ബാലി

54. പാലാഴിമഥന സമയത്തു മന്ഥാനമാക്കിയതാരെ?

a)മന്ദരപർവ്വതത്തെ b)കൈലാസപർവ്വതത്തെ c)വാസുകിയെ d)മൈനാകപർവ്വതത്തെ

55. സുരപതിയെ തങ്കക്കൊടിമരമൂലത്തിൽ ശൃംഖലകൊണ്ടു തളച്ചേക്കാനായ് കിങ്കരൻമാരെ വിളിച്ചുരചെയ്തതാര്?

a)ഇന്ദ്രജിത്ത് b)രാവണൻ c)ബാലി d)നാരദൻ

56. ചങ്ങലവച്ചു വാനരവരനെപ്പോലെ ചമയ്ക്കപ്പെട്ടതാര് ?

a)രാവണൻ b)ബാലി c)നാരദൻ d)ദേവേന്ദ്രൻ

57. രാത്രിഞ്ചരന്മാരുടെ ചീർത്ത വൈരങ്ങൾ തീർപ്പാൻ പാത്രമായ് തീർന്നതാര്?

a)ദേവഗോത്രാധിരാജൻ b)കീശായമാനൻ c)നക്തഞ്ചരപതി d)ആശരവരൻ

58. ദേവേന്ദ്രൻ ലങ്കാപുരിയിലെ കൊടിമരത്തിൽ ബന്ധിക്കപ്പെട്ട വിവരം കമലാസനനെ അറിയിച്ചതാര് ?

a) രാവണൻ b)ജയന്തൻ c)നാരദൻ d)അക്ഷകുമാരൻ

59. മുള്ളു ________മറ്റു മുള്ളു കൊണ്ടെടുക്കേണം -പൂരിപ്പിക്കുക

a)കൊണ്ടാൽ b)കുത്തിയാൽ c)തറച്ചാൽ d)കൊണ്ടാലും

60. ലോകങ്ങളെ സംരക്ഷിക്കുന്നവൻ എന്നർത്ഥം വരുന്ന പദം

a) സുത്രാമാവ് b)ആശരൻ c)അംബുദവാഹനൻ d)വാനവകുലപതി

61. പാഞ്ചാലി തന്റെ വല്ലഭന്മാരെ ആരോടാണ് താരതമ്യപ്പെടുത്തുന്നത്?

a)ഇന്ദ്രനോട് b)മുല്ലസായകനോട് c)ശ്രീകൃഷ്ണനോട് d)യമനോട്

62. കഴുത്തിലെടുത്തുടനെ ഭുവി

കാംക്ഷിതദിക്കിൽ ചരിപ്പിച്ചീടാമല്ലോ -ആരുടെ വാക്കുകൾ?

a)ഭീമന്റെ b)ജടാസുരന്റെ c)ഗരുഡന്റെ d)ഘടോൽക്കചന്റെ

63. തഞ്ചാതെ വിപിനേ സഞ്ചരിച്ചീടുകയാൽ

നെഞ്ചകമതിലഴലേറുതരുതയിതേ -ആരോടു പറഞ്ഞ വാക്കുകൾ?

a)കുന്തിയോട് b)പാഞ്ചാലിയോട് c)ഭീമനോട് d)ഹിഡിംബിയോട്

64. കണവന്റെ കരുണയുണ്ടെങ്കിൽ നിർണ്ണയമായും ഇനിയും എന്തു ലഭിക്കുമെന്നാണ് പാഞ്ചാലി പറയുന്നത്?

a)സാരസൌഗന്ധികങ്ങൾ b)താമരപ്പൂക്കൾ c)അക്ഷയപാത്രം d)രാജ്ഞീപദം

65. ആരുടെ തുടകളുടെ ഊക്കു കൊണ്ടാണ് വൃക്ഷക്കൂട്ടം ഭൂമിയിൽ വീണത്?

a)ഹനുമാന്റെ b)ആനകളുടെ c)ഭീമന്റെ d)ഇതൊന്നുമല്ല

66. '___മമ തത്ത്വം ഇവനെ അറിയിക്കയും വേണമല്ലോ'-ആരുടെ തത്ത്വം?

a)ഭീമന്റെ b)കൃഷ്ണന്റെ c)യമന്റെ d)ഹനുമാന്റെ

67. . '___മമ തത്ത്വം ഇവനെ അറിയിക്കയും വേണമല്ലോ'-ആരെയാണ് അറിയിക്കേണ്ടത്?

a)ഹനുമാനെ b)ഭീമനെ c)ജടാസുരനെ d)യുധിഷ്ഠിരനെ

68. വഴിയിൽ നിന്നു പോക വൈകാതെ –ആരു പറഞ്ഞ വാക്കുകൾ?

a)നാരദൻ b)പാഞ്ചാലി c)ഹനുമാൻ d)ഭീമൻ

69. വഴിയിൽ നിന്നു പോക വൈകാതെ-ആരോടു പറഞ്ഞ വാക്കുകൾ?

a)ഭീമനോട് b)നാരദനോട് c)ഹനുമാനോട് d)ജടാസുരനോട്

70. ചന്ദ്രവംശത്തിൽ പിറന്ന രാജാവാണ് ഞാൻ എന്നു മേനി പറയുന്നതാര്?

a)ഭീമൻ b)അർജ്ജുനൻ c)യുധിഷ്ഠിരൻ d)നകുലൻ

71. ജര കൊണ്ടു നടപ്പാൻ പോലും കഴിയാതെ ഞാൻ വലഞ്ഞു പോയി എന്നു പറഞ്ഞതാര്?

a)ഹനുമാൻ b)ഹനുമാൻ c)നാരദൻ d)വായുദേവൻ

72. ബലവാനായ ഭവാനെന്നെ മറികടന്നു പോയാലുമെന്ന് പറഞ്ഞതാര്?

a)ഭീമൻ b)ഹനുമാൻ c)പാഞ്ചാലി d)ജടാസുരൻ

73. ഉലകിതിൽ ബലവാനാകിയ ഭവാനെന്നെ

വിലംഘിച്ചു വിരവോടെ ഗമിച്ചാലും –ആരോടു പറഞ്ഞ വാക്കുകൾ?

a)ഭീമനോട് b)ഹനുമാനോട് c)നാരദനോട് d)നകുലനോട്

74. '___മമ സഹജനെ നിനച്ചെന്റെ

മനതാരിൽ മടി നിന്നെ കടന്നുപോവതിനിപ്പോൾ'-ആരാണ് സഹജൻ?

a)ഹനുമാൻ b)ഭീമൻ c)അർജ്ജുനൻ d)കൃഷ്ണൻ

75. . '___മമ സഹജനെ നിനച്ചെന്റെ

മനതാരിൽ മടി നിന്നെ കടന്നുപോവതിനിപ്പോൾ'-ആരുടെ വാക്കുകൾ?

a)ഹനുമാന്റെ b)ജടാസുരന്റെ c)ഭീമന്റെ d)ഹിഡിംബന്റെ

76. ബാലത കൊണ്ടു ഞാൻ ചൊന്ന വാക്കുകൾ കരുതീടായ്ക -ആരുടെ വാക്കുകൾ?

a)ഹനുമാന്റെ b)ഭീമന്റെ c)പാഞ്ചാലിയുടെ d)നാരദന്റെ

77. ബാലത കൊണ്ടു ഞാൻ ചൊന്ന വാക്കുകൾ കരുതീടായ്ക -ആരോടു പറഞ്ഞ വാക്കുകൾ?

a)ഭീമനോട് b)ഹനുമാനോട് c)കുബേരനോട് d)യുധിഷ്ഠിരനോട്

78. '_____വിഗ്രഹം കാണുമതിനുള്ളിൽ ആഗ്രഹം വളർന്നീടുന്നു'-ആർക്കാണ് ആഗ്രഹം വളരുന്നത്?

a)ഭീമന് b)ഹനുമാന് c)പാഞ്ചാലിയ്ക്ക് d)നാരദന്

79. അഗ്രജാ! നീ ______ വ്യഗ്രംകൂടാതെ കടന്ന

വിഗ്രഹം കാണുമതിനുള്ളിൽ ആഗ്രഹം വളർന്നീടുന്നു -പൂരിപ്പിക്കുക

a)ജലധിയെ b)സമുദ്രത്തെ c)കടലിനെ d)അംബുധിയെ

80. ആരുടെ കൊടിയടയാളമായിരുന്നു ശത്രുക്കളെ ഭയപ്പെടുത്താമെന്നാണ് ഹനുമാൻ വാക്കു പറഞ്ഞത്?

a)അർജ്ജുനന്റെ b)ഭീമന്റെ c)നകുലന്റെ d)സഹദേവന്റെ

81. നിശാചരകുലത്തോട് കപടപട്ടുത്വം വേണ്ട എന്നു മുന്നറിയിപ്പ് നല്കിയതാര്?

a) അക്ഷകുമാരൻ b)ക്രോധവശൻ c)കുബേരൻ d)ജടാസുരൻ

82. കൽഹാര പുഷ്പം ആരുടെ അധീനതയിലുള്ള തടാകത്തിലാണുള്ളത്?

a)ഇന്ദ്രന്റെ b)കുബേരന്റെ c)ബ്രഹ്മാവിന്റെ d)ഹനുമാന്റെ

83. The Travencore Tribes and Castes എന്ന ഗ്രന്ഥം രചിച്ചതാര്?

a)റോസ് കിങ് b)തഴ്സ്റ്റൺ c)എൽ എ കൃഷ്ണയ്യർ d)ജി ഭാർഗ്ഗവൻ പിള്ള

84. കുടമാളൂർ തറവാട്ടിലെ കാക്കാലന്മാരെ വിശേഷിപ്പിക്കുന്നത്?

a)കാവടിയർ b)പാണർ c)മാണിപ്പറയർ d)പാണ്ടിപ്പറയർ

85. A Certain Gipsy Caste,Jugglers എന്നിങ്ങനെ കാക്കാലന്മാരെക്കുറിച്ച് രേഖപ്പെടുത്തിയത്?

a)ഗുണ്ടർട്ട് b)റോസ് കിങ് c)തഴ്സ്റ്റൺ d)എൽ എ കൃഷ്ണയ്യർ

86. _______അറിയാതെ ഭക്ഷിച്ചു പോയ ബ്രാഹ്മണരെ കക്കിയതാണ് കാക്കാലന്മാർ എന്നൊരു പുരാവൃത്തമുണ്ട്?

a)അനന്തൻ b)വാസുകി c)ഗരുഡൻ d)ജടായു

87. കാക്കാലന്മാരെ_______വർഗ്ഗത്തിൽപ്പെടുത്താം

a)സഞ്ചാരി b)വേട്ടക്കാർ c)കൃഷിക്കാർ d)ഇതൊന്നുമല്ല

88. കാക്കാരിശിനാടകത്തിലെ നായകൻ

a)പാട്ടുകാരൻ b)സുന്ദരൻകാക്കാൻ c)നാട്ടുവാഴി d)ഇവരാരുമല്ല

89. കാക്കാരിശിനാടകത്തിൽ ഉപയോഗിക്കാത്ത വാദ്യമേതാണ്?

a)മൃദംഗം b)ഗഞ്ചിറ c)കൈമണി d)ചെണ്ട

90.കാക്കാരിശി നാടകത്തിൽ ചൂതമൂഷികക്കര എന്നറിയപ്പെടുന്നത്?

a)കൊട്ടാരക്കര b)മാവേലിക്കര c)ശാസ്താംകോട്ട d)തിരുനക്കര

91. മച്ചാട്ടെളയതിന്റെ ശരിയായ പേര്

a)ശാന്തമ്പിള്ളി നാരായണൻ എളയത് b) ശാന്തമ്പിള്ളി ശങ്കരനെളയത് c) ഇരയിമ്മനെളയത് d)ശാന്തമ്പിള്ളി ശിവശങ്കരനെളയത്

92. മച്ചാട്ടെളയതിന്റെ കൃതിയല്ലാത്തത്

a)ശാകുന്തളം b) പാർവ്വതീപാണീഗ്രഹണം c)നെല്ലുവായ സ്തോത്രം d)രാജസൂയം ആട്ടക്കഥ

93. കേരളീയസ്ത്രീകളുടെ മാരമഹോത്സവം എന്നറിയപ്പെടുന്നത്

a)മോഹിനിയാട്ടം b)ദാസിയാട്ടം c)തിരുവാതിര d)ഏകാദശി

94. കല്യാണീ കളവാണീ എന്നു തുടങ്ങുന്ന കൈകൊട്ടിക്കളിപ്പാട്ട് രചിച്ചത്

a)സ്വാതി തിരുനാൾ b)മച്ചാട്ടെളയത് c)ഇരയിമ്മൻ തമ്പി d)ഉണ്ണായി വാര്യർ

95. തെക്കുംഭാഗം സമുദായത്തിന്റെ തനതുകലാരൂപം എന്നറിയപ്പെടുന്നത്

a)തിരുവാതിര b)മോഹിനിയാട്ടം c)മാർഗ്ഗംകളി d)ഒപ്പന

96. മാർത്തോമ്മായുടെ നടപടികൾ എന്ന കൃതി രചിക്കപ്പെട്ടത് _____ഭാഷയിലാണ്

a)ലത്തീൻ b)അറബി c)സുറിയാനി d)ഹീബ്രു

97. സുറിയാനി സംഗീതത്തിൽ രാഗങ്ങളെ സൂചിപ്പിക്കാനുപയോഗിക്കുന്ന വാക്ക്

a)വർണ്ണം b)ചിന്ത് c)തില്ലാന d)പദം

98. വിവാഹാഘോഷങ്ങളുടെ ഭാഗമായി രൂപപ്പെട്ട സംഘനൃത്തമാണ് ______

a)തിരുവാതിര b)പരിചമുട്ടുകളി c)ഒപ്പന d)ഇതൊന്നുമല്ല

99. ഒപ്പന എന്ന പേരിന്റെ മൂലം

a)സഖി b)ദഫ് c)അറബ് d)അർബന

100. പുരാതന ക്രൈസ്തവകലയുടെ തൊടുകുറിയാണ് മാർഗ്ഗംകളിയും മാർഗ്ഗംകളിപ്പാട്ടുകളും എന്നു അഭിപ്രായപ്പെട്ടത്

a)ജേക്കബ് വെള്ളിയാൻ b)എം കുര്യൻ തോമസ് c)രാജൻ ഗുരുക്കൾ d)ഫാ. കെ എം ജോർജ്ജ്

ഉത്തരസൂചിക

1. B
2.A
3.C
4.D
5. C
6.C
7.C
8.D

9.B

10. D

11. B

12. A

13. C

14. A

15. D

16. C

17. D

18. A

19. A

20. B

21. **B**

**22. D**

**23. C**

**24. B**

**25. B**

**26. A**

**27.C**

**28. C**

**29.D**

**30. D**

**31. D**

**32. B**

**33. D**

**34. B**

**35. A**

**36. A**

**37. B**

**38. B**

**39. A**

**40. C**

**41.D**

**42. A**

**43. C**

**44. A**

**45. A**

**46. C**

**47. D**

**48. A**

**49. A**

**50. B**

**51. A**

**52. C**

**53. A**

**54. A**

**55. B**

**56. D**

**57. A**

**58. C**

**59. B**

**60. A**

**61. B**

**62. D**

**63. B**

**64. A**

**65. C**

**66. D**

**67. B**

**68. D**

**69. C**

**70. A**

**71. A**

**72. B**

**73.A**

**74. A**

**75. C**

**76. B**

**77. B**

**78. A**

**79. A**

**80. A**

**81. B**

**82. B**

**83. C**

**84. C**

**85. A**

**86. C**

**87. A**

**88. B**

**89. D**

**90. B**

**91. A**

**92. D**

**93. C**

**94. B**

**95. C**

**96. C**

**97. A**

**98. C**

**99. D**

**100. A**